'ഭരണഭാഷ മാതൃഭാഷ'

DCETVM/25091/2023-C2

കോളേജ് വിദ്യാഭ്യാസ വകുപ്പ്
ആസ്ഥാന കാര്യാലയം
തിരുവനന്തപുരം
10-01-2026

***പരിപത്രം***

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ഫേസ് റെക്കഗ്നിഷൻ മൊബൈൽ ആപ്ലിക്കേഷൻ മുഖേനയുള്ള സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിങ് സംവിധാനം നടപ്പിലാക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. ഇതിന്റെ ഭാഗമായി ചുവടെ പറയുന്ന നിർദ്ദേശം കൂടി ഉൾപ്പെടുത്തുന്നു.

1.കോളേജുകളിലെ അധ്യാപക ജീവനക്കാർ ഉൾപ്പെടെയുള്ള വെക്കേഷൻ സ്റ്റാഫ് ജീവനക്കാർ, ഓഫീസിനു പ്രവൃത്തി ദിവസവും എന്നാൽ ടി ജീവനക്കാർക്ക് അവധി അനുവധിക്കപ്പെട്ടതുമായ ദിവസങ്ങൾ (ശനി, വേനൽ - ഓണം - ക്രിസ്തുമസ് വെക്കേഷൻ മുതലായ എല്ലാ വെക്കേഷൻ കാലയളവും) സ്പർക്കിൽ OD ആയി അപേക്ഷിക്കേണ്ടതാണ്. ഈ OD അപേക്ഷകൾ സ്ഥാപനമേധാവി പരിശോധിച്ച് അംഗീകാരം നൽകേണ്ടതുമാണ്.

2.ഈ വെക്കേഷൻ/ അവധി കാലയളവിലെ ഏതെങ്കിലും ദിവസം ജോലിക്ക് ഹാജരാകാൻ സ്ഥാപനമേധാവി ആവശ്യപ്പെടുന്നപക്ഷം ആ ദിവസനം ജോലിക്ക് ഹജരകേണ്ടതും പഞ്ച് ചെയ്യേണ്ടതുമാണ്.

3. അധ്യാപക ജീവനക്കാരുടെ മറ്റ് ഡ്യൂട്ടികൾക്കായുള്ള OD അപേക്ഷകൾ സ്പാർക്ക് വഴി സമർപ്പിക്കുമ്പോൾ ഡ്യൂട്ടി സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്യേണ്ടത് നിർബന്ധമല്ല. എന്നാൽ ഈ അപേക്ഷകൾ അംഗീകരിക്കുന്നതിന് മുൻപായി സ്ഥാപനമേധാവി ഡ്യൂട്ടി സർട്ടിഫിക്കറ്റ് കൂടി നേരിട്ട് ലഭ്യമാക്കി പരിശോധിച്ച ശേഷം നടപടി സ്വീകരിക്കേണ്ടതാണ്.

4. അധ്യാപകർക്ക് സർക്കാർ നിയന്ത്രണ വിധേയമായി മാത്രം അനുവദിച്ചിട്ടുള്ള മറ്റ് ഡ്യൂട്ടികളുടെ (ഉദാ: റിഫ്രഷർ കോഴ്സ്, ഒറിയന്റേഷൻ കോഴ്സ്, സെമിനാർ മുതലായവ) OD അപേക്ഷകൾ സ്ഥാപനമേധാവി ഈ നിയന്ത്രണം പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച ശേഷം മാത്രമേ അംഗീകരിക്കാൻ പാടുള്ളൂ.

5. 12.12.2025 ലെ DCETVM/8468/2025-C2 നം ഉത്തരവ് പ്രകാരം ജനുവരി 1 മുതലാണ് ബയോമെട്രിക് പഞ്ചിംഗ് സ്പർക്കുമായി ബന്ധിപ്പിക്കുന്നതായി അറിയിച്ചിരുന്നത്. എന്നാൽ സാങ്കേതിക വിഷയങ്ങൾ കാരണം ഈ നടപടി ജനുവരി 16 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

Signed by
Sudhir K
Date: 10-01-2026 16:23:15

Sudhir K IAS
DIRECTOR OF COLLEGIATE EDUCATION